20.04.2024

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/04/2024

1. കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷനെടുക്കാൻ വേണ്ടത് കേവലം രണ്ട് രേഖകൾ മാത്രമാണ്. കണക്ഷനെടുക്കുന്ന ആളിന്റെ തിരിച്ചറിയൽ കാർഡും കണക്ഷനെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശ രേഖയും മാത്രം ഹാജരാക്കി വൈദ്യുതി കണക്ഷനപേക്ഷിക്കാം. കെ എസ് ഇ ബി ഉദ്യോഗസ്ഥൻ പരിശോധന നടത്തുമ്പോൾ കണക്ഷൻ കാർഷികാവശ്യത്തിനാണെന്ന് ബോധ്യപ്പെടണം. സാധാരണ ജലസേചനത്തിനുള്ള കാർഷിക കണക്ഷനും, കന്നുകാലി ഫാമുകൾ, പൗൾട്രി ഫാമുകൾ തുടങ്ങിയവയ്ക്കുള്ള കാർഷിക കണക്ഷനും ഈ ഇളവ് ലഭിക്കും. മുയൽ, പന്നി ഫാമുകൾ, ഹാച്ചറികൾ, പട്ടുനൂൽപുഴു വളർത്തൽ കേന്ദ്രങ്ങൾ, പുഷ്പ, ടിഷ്യൂ കൾച്ചർ, സസ്യ, കൂൺ നഴ്സറികൾ, മത്സ്യ ഫാമുകൾ, ചീനവല, ക്ഷീര സഹകരണ സംഘങ്ങൾ, റബ്ബർ ഷീറ്റ് മെഷീൻ ഹൗസ് തുടങ്ങിയ കാർഷിക സംരംഭങ്ങൾക്ക് കണക്ഷൻ ലഭ്യമാണ്.

2. അഗ്രികൾച്ചറൽ മാനേജ്മെന്റ് ഏജൻസി (ആത്മ) വഴി നടപ്പിലാക്കിവരുന്ന ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ സർവീസ് ഫോർ ഇൻപുട്ട് ഡീലർ കോഴ്സിലേക്ക് വളം/കീടനാശിനി ഡിപ്പോ നടത്തുന്നവർക്കും തുടങ്ങാൻ താല്പര്യമുള്ളവർക്കും അപേക്ഷിക്കാം. യോഗ്യത എസ്.എസ്.എൽ.സി അതത് കൃഷിഓഫീസറുടെ ശുപാർശ സഹിതം ഏപ്രിൽ 23 നകം ആത്മ പ്രോജക്ട് ഡയറക്ടറേറ്റ്, സിവിൽ സ്റ്റേഷൻ, കൊല്ലം -691013 വിലാസത്തിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷാമാതൃക കൃഷിഭവനുകളിൽ ലഭിക്കും. വിവരങ്ങൾക്ക് atmakollam@gmail.com. ഫോൺ - 7907368657/0474 2792080.

3. വെള്ളായണി കാർഷിക കോളജിലെ അനിമൽ ഹസ്ബൻഡറി വിഭാഗത്തിന് കീഴിലുള്ള പൗൾട്രി ഫാമിൽ നിന്നും ഗ്രാമശ്രീ ഇനത്തിൽപെട്ട 45 ദിവസം പ്രായമുള്ള മുട്ടക്കോഴികുഞ്ഞുങ്ങൾ ഒന്നിന് 130 രൂപ നിരക്കിൽ വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കോഴിക്കുഞ്ഞുങ്ങളെ വാങ്ങാൻ താത്പര്യമുള്ളവർ അനിമൽ ഹസ്ബൻഡറി വിഭാഗത്തിൽ നേരിട്ടോ 9645314843 ഫോൺ മുഖേനയോ ബന്ധപ്പെടുക.

4. പത്തനംതിട്ട കൃഷി വിജ്ഞാനകേന്ദ്രം കൃഷിയിടങ്ങളിൽ ഡ്രോൺ ഉപയോഗത്തിന്റെ പ്രദർശനം നടത്തുന്നു. വളങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, ജൈവ കീടനാശിനികൾ തുടങ്ങിയവ പ്രയോഗിക്കാൻ ഡ്രോണുകൾ ഉപയോഗിക്കുന്നതിന്റെ മെച്ചം കർഷകരെ ധരിപ്പിക്കുകയാണു ലക്ഷ്യം. ജില്ലയിൽ വിവിധ പഞ്ചായത്തുകളിലായി 250 പ്രദർശനങ്ങൾ നടത്തും. താൽപര്യമുള്ള പഞ്ചായത്ത്/ കൃഷി ഭവൻ/ കർഷക ഗ്രൂപ്പുകൾ തുടങ്ങിയവ ബ്ലോക്കുതല നോഡൽ ഓഫിസറുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് ഫോൺ 0469-2662094, 2661821, പുളിക്കീഴ്: 9447454627, മല്ലപ്പള്ളി: 9961254033, 9645027060, പന്തളം 9446056737, കോയിപ്രം & പറക്കോട്: 9526160155, കോന്നി & ഇലന്തൂർ: 9447801351.

5. സംസ്ഥാന കൃഷിവകുപ്പിനു കീഴിലുള്ള ആനക്കയം സംസ്ഥാന വിത്തുൽപാദനകേന്ദ്രത്തിൽ ഉമ ഇനം നെൽവിത്ത്, പന്നിയൂർ ഇനം കുരുമുളകു തൈകൾ, റെഡ് റോയൽ പപ്പായത്തൈകൾ എന്നിവ ലഭ്യമാണ്. ഫോൺ നമ്പർ 9383471642.

6. കൃഷിവകുപ്പിൻറെ ചിറയിൻകീഴ് സംസ്ഥാന വിത്തുൽപാദനകേന്ദ്രത്തിൽ ശ്രേയസ് ഇനം നെൽവിത്തും പച്ചക്കറിത്തൈകളും വിൽപനയ്ക്കുണ്ട്. ഫോൺ നമ്പർ 9383470299.

## പരിശീലന പരിപാടി

7. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എന്റർപ്രിണർഷിപ്പ് ആന്റ് മാനേജ്മെന്റും (NIFTEM –T) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയവും സംയുക്തമായി മുരിങ്ങ പ്രോസസിങ് ആന്റ് വാല്യു അഡിഷൻ എന്ന വിഷയത്തിൽ മെയ് 10 ന് രാവിലെ 10 മണി മുതൽ 2.00 മണി വരെ ഒരു വെബിനാർ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്

9894244344, 9080153435 എന്നീ ഫോൺ നമ്പരുകളിലോ niftemt.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

8. **കാർഷിക നിർദ്ദേശം**

തെങ്ങ് - ചെമ്പൻചെല്ലിയുടെ ആക്രമണം കാണുന്നുണ്ട്. തെങ്ങിന്റെ കവിളുകളിൽ ഉടക്കുവല മടക്കിവച്ച് പിടികൂടാം. തെങ്ങിന്റെ തടത്തിൽ പുതയുടെ കനം കൂട്ടുക. നന തുടങ്ങിയാൽ മഴക്കാലം ആരംഭിക്കുന്നതുവരെ മുടങ്ങാതെ നടത്തണം. വെള്ളീച്ച ആക്രമണം പലയിടത്തും തീവ്രമാണ്. മഞ്ഞക്കെണി വച്ച് നിയന്ത്രിച്ചാൽ ഇവയുടെ എതിർപ്രാണികൾ പെരുകി ജൈവനിയന്ത്രണം സാധ്യമാകും. ഓലക്കാലുകളുടെ അടിയിൽ വീഴത്തക്കവിധത്തിൽ വേപ്പധിഷ്ഠിത കീടനാശിനി പ്രയോഗിച്ചും വെള്ളീച്ചകളെ നിയന്ത്രിക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം